

# കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ
# സ്വയംതൊഴിൽ വായ്പാ പദ്ധതികൾ

കേരളത്തിലെ മറ്റു പിന്നോക്ക മതന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സാമൂഹിക, സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനം എന്ന ലക്ഷ്യവുമായാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 1995-ൽ സ്ഥാപിതമായത്. വളരെ കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലുമാണ് വിവിധ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നത്. വായ്പാ പദ്ധതികൾക്ക് പുറമേ സംരംഭകത്വ പരിശീലനം, തൊഴിലധിഷ്ഠിത പലിശീലനം, വിപണനമേളകൾ എന്നിവയും കോർപ്പറേഷൻ നടത്തിവരുന്നു. 1995 മുതൽ 30.09.2017 വരെ 4.4 ലക്ഷം കുടുംബങ്ങൾക്കായി 2515 കോടി രൂപ വായ്പാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് (ഒ.ബി.സി.) വേണ്ടിയുള്ള വായ്പാ പദ്ധതികൾ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC)യും മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് (മുസ്ലീം, കൃസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാർസി) വേണ്ടിയുള്ള പദ്ധതികൾ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC)യും ധനസഹായമുപയോഗിച്ചാണ് നടപ്പിലാക്കിവരുന്നത്.

## ഒ.ബി.സി. വിഭാഗത്തിനുവേണ്ടിയുള്ള വായ്പാ പദ്ധതി

വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കുന്നതാണ്. പരമാവധി വായ്പ തുക 10 ലക്ഷം രൂപയാണ്. ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ള 18 നും 55 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് വായ്പ നൽകുന്നത്. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്. പരമാവധി വായ്പാ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി |
|---|---|---|---|
| സ്വയം തൊഴിൽ പദ്ധതി | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനു മുകളിൽ- 7% | 2 ലക്ഷം രൂപ വരെ - 60 മാസം<br>2 മുതൽ 5 ലക്ഷം വരെ - 72 മാസം<br>5 ലക്ഷത്തിനുമുകളിൽ - 84 മാസം |

## മത ന്യൂനപക്ഷ വിഭാഗങ്ങൾക്കു വേണ്ടിയുള്ള വായ്പാ പദ്ധതികൾ

മത ന്യൂനപക്ഷ വിഭാഗത്തിനുവേണ്ടി 2 സ്വയം തൊഴിൽ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു.

### പദ്ധതി - 1

വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കുന്നതാണ്. ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ള 18 നും 55 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് വായ്പ നൽകുന്നത്. പരമാവധി വായ്പ തുക 20 ലക്ഷം രൂപയാണ്. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്.

### പദ്ധതി - 2

ഗ്രാമ നഗര ഭേദമില്ലാതെ 6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം പരമാവധി 30 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. സ്ത്രീകൾക്ക് 6% പലിശ നിരക്കിലും പുരുഷൻമാർക്ക് 8% പലിശ നിരക്കിലുമാണ് വായ്പ അനുവദിക്കുന്നത്. മറ്റ് വ്യവസ്ഥകൾ പദ്ധതി - 1ന് സമാനമാണ്. പരമാവധി വായ്പാ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി |
|---|---|---|---|
| 1. **സ്വയം തൊഴിൽ പദ്ധതി - 1** (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ | 6% | 60 മാസം |
| 2. **സ്വയം തൊഴിൽ പദ്ധതി - 2** 6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് | 30 ലക്ഷം രൂപ | സ്ത്രീ-6%<br>പുരു- 8% | 60 മാസം |

## അപേക്ഷ സമർപ്പണം

ജില്ലാ ഉപജില്ലാ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫാറം പൂരിപ്പിച്ച് താഴെ പറയുന്ന രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്.

1) റേഷൻ കാർഡിന്റെ പകർപ്പ്
2) ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്
3) ആധാർ കാർഡിന്റെ പകർപ്പ്
4) അപേക്ഷകന്റെ/കുടുംബാംഗങ്ങളുടെ പേരിലുള്ള വീടിന്റെയും സ്ഥലത്തിന്റെയും കരമടച്ച രസീതിന്റെ പകർപ്പ്
5) അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് (എസ്.എസ്.എൽ.സി./സ്കൂൾ സർട്ടിഫിക്കറ്റ് മുതലായവ)
6) ജാതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ വില്ലേജ് ഓഫീസിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്.
7) വില്ലേജ് ഓഫീസിൽ നിന്ന് ലഭിക്കുന്ന കുടുംബവാർഷിക വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
8) ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, ഐ എഫ് എസ് കോഡ് എന്നിവ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്.

3 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് അപേക്ഷാഫോറത്തിൽ തന്നെ വിശദാംശങ്ങൾ എഴുതി സമർപ്പിച്ചാൽ മതിയാകും. എന്നാൽ 3 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് മലയാളത്തിലോ, ഇംഗ്ളീഷിലോ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഹാജരാക്കണം. താഴെ പറയുന്ന വിശദാംശങ്ങൾ അതിൽ ഉൾപ്പെടുത്തണം.

1. സംരംഭകനെക്കുറിച്ചുള്ള വിവരങ്ങൾ (വിദ്യാഭ്യാസയോഗ്യത, സാങ്കേതിക യോഗ്യത, പ്രായോഗിക പരിചയം തുടങ്ങിയവ)
2. പദ്ധതിയുടെ വിശദാംശങ്ങൾ
3. പദ്ധതി തുടങ്ങാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അനുയോജ്യത
4. പദ്ധതി ചെലവും ധനാഗമന മാർഗ്ഗങ്ങളും
5. പദ്ധതിക്കാവശ്യമായ യന്ത്രസാമഗ്രികൾ
6. പദ്ധതിക്കാവശ്യമായ പ്രവർത്തനമൂലധനം കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ
7. വിപണി സാധ്യതകൾ
8. ഉൽപ്പന്നം വിപണനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ
9. പദ്ധതി നടത്തിയാൽ ലഭിക്കാവുന്ന ലാഭം കണക്കാക്കി ഇതു സംബന്ധിച്ച് പ്രതീക്ഷിക്കുന്ന 5 വർഷത്തെ ലാഭ നഷ്ടക്കണക്കും, ബാലൻസ് ഷീറ്റും.
10. 5 വർഷത്തെ ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്
11. പദ്ധതിയുടെ ലാഭക്ഷമത വിലയിരുത്തുന്നതിനുള്ള സൂചികകൾ - (BEP, Pay Back Period, DSCR, IRR മുതലായവ).

## പ്രോജക്ട് റിപ്പോർട്ടിനോടൊപ്പം സമർപ്പക്കേണ്ട രേഖ കൾ

പദ്ധതിയ്ക്ക് യന്ത്രസാമഗ്രികൾ/ഉപകരണങ്ങൾ/ഫർണിച്ചറുകൾ ആവശ്യമുള്ള പക്ഷം ആയത് വാങ്ങുന്നതിനായി GST രജിസ്ട്രേഷ നുള്ള നിർമ്മാതാക്കൾ/വിതരണക്കാർ എന്നിവരിൽ നിന്നുള്ള ഇൻ വോയ്സ്/ക്വട്ടേഷൻ.

പദ്ധതിയുടെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങളോ, ഇന്റീരിയർ ഫർണിഷിങ്ങോ ആവശ്യമുള്ളപക്ഷം ലൈസൻസ്ഡ് എൻജിനി യർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ്.

നിർദ്ദിഷ്ട വിദ്യാഭ്യാസ/സാങ്കേതിക യോഗ്യത ആവശ്യമുള്ള സം രംഭമാണെങ്കിൽ ബന്ധപ്പെട്ട യോഗ്യത സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

## ജാമ്യ വ്യവസ്ഥ

വായ്പ അനുവദിക്കുന്നതിന് കോർപ്പറേഷൻ ഉദ്യോഗസ്ഥജാ മ്യം/വസ്തു ജാമ്യം/സ്ഥിര നിക്ഷേപം/എൽ.ഐ.സി. പോളിസി മുതലായവ ജാമ്യമായി സ്വീകരിക്കുന്നതാണ്. നിബന്ധനകൾക്ക് വിധേയമായി ഇവയിൽ ഒന്നോ, ഒന്നിലധികമോ രേഖകൾ കൂട്ടി ച്ചേർത്തോ ജാമ്യമായി സമർപ്പിക്കാവുന്നതാണ്.

## ഗ്രീൻ കാർഡ് ആനുകൂല്യം

കൃത്യമായി വായ്പ തിരിച്ചടക്കുന്നവർക്കുവേണ്ടി കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രോത്സാഹന പദ്ധതിയാണ് ഗ്രീൻകാർഡ്. ഇതു പ്രകാരം മുടക്കമില്ലാതെ എല്ലാ ഗഡുക്കളും നിശ്ചിത തീയതിക്കു മുൻപു തന്നെ ഒടുക്കുന്ന വായ്പക്കാർക്ക് പലിശയിനത്തിൽ മൊ ത്തം തിരിച്ചടച്ച തുകയുടെ 5% ഇളവ് നൽകുന്നതാണ്.




## കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ ജില്ലാ ഓഫീസുകൾ

| മേൽവിലാസം | ടെലിഫോൺ<br>ഇ-മെയിൽ |
|---|---|
| **തിരുവനന്തപുരം :** രണ്ടാം നില, ട്രിഡാ കോംപ്ളക്സ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ് പി.ഒ., തിരു വനന്തപുരം - 11 | 0471-2554522, 2554533<br>bcdcdmtvm@gmail.com |
| **കൊല്ലം :** എസ്.എൻ.ഡി.പി. യോഗം ബിൽഡിംഗ്, എസ്.എൻ.വിമൻസ് കോളേജിന് എതിർവശം, കൊല്ലം | 0474-2766276, 2763353<br>bcdcdmklm@gmail.com |
| **പത്തനംതിട്ട:** വിലവിനാൽ രാജ് ടവ്വർ, സന്തോഷ് ജംഗ്ഷനു സമീപം, കോളേജ് റോഡ്, പത്തനംതിട്ട | 0468-2226111, 2262111<br>bcdcdmpta@gmail.com |
| **ആലപ്പുഴ:** സൗമ്യാ കോംപ്ളക്സ്, വെള്ളക്കിണർ ജംഗ്ഷൻ, സിവിൽ സ്റ്റേഷൻ വാർഡ്, ഹെഡ് പോസ്റ്റ് ഓഫീസ്, ആലപ്പുഴ | 0477-2254121, 2254122<br>bcdcdmalap@gmail.com |
| **കോട്ടയം:** ബിൽഡിംഗ് നമ്പർ തക/696 ഈരയിൽകട വ്, കോട്ടയം- 1 | 0481-2303925, 2565704<br>bcdcdmktm@gmail.com |
| **ഇടുക്കി:** ബിൽഡിംഗ് നമ്പർ 310 അ, അലിയകുന്നേൽ ബിൽഡിംഗ്, അനശ്വര സിൽക്സിന് എതിർവശം, ചെറുതോണി, ഇടുക്കി. | 0486-2235264, 2235364<br>bcdcdmidk@gmail.com |
| **എറണാകുളം:** പരമാരാ ഷോപ്പിംഗ് കോംപ്ളക്സ്, എറണാകുളം നോർത്ത്, കൊച്ചി -18 | 0484-2394005, 2390442<br>bcdcdmekm@gmail.com |
| **തൃശ്ശൂർ :** പാലസ് റോഡ്, ടൗൺ ഹാളിനു സമീപം, ചെമ്പുകാവ് പി.ഒ., തൃശ്ശൂർ - 20 | 0487-2321776, 2320707<br>bcdcdmtsr@gmail.com |
| **പാലക്കാട് :** നൈനാൻസ് കോംപ്ളക്സ്, മേട്ടുപ്പാളയം സ്ട്രീറ്റ്, പാലക്കാട് | 0491-2545167, 2545166<br>bcdcdmpkd@gmail.com |
| **മലപ്പുറം :** നമ്പർ 6/520 - ജെ & കെ.ബിൽഡിംഗ്സ് മുണ്ടുപറമ്പ, മലപ്പുറം - 9 | 0483-2734114, 2734115<br>bcdcdmmpm@gmail.com |
| **കോഴിക്കോട് :** വികാസ് ബിൽഡിംഗ്, മൂന്നാം നില, ലിങ്ക് റോഡ്, കോഴിക്കോട് - 2 | 0495-2701800, 2705800<br>bcdcdmkkd@gmail.com |
| **വയനാട്:** പി.ബി.എം. ഹോസ്പിറ്റലിനു സമീപം, മീന ങ്ങാടി, വയനാട് | 04936-246309<br>bcdcdmwyd@gmail.com |
| **കണ്ണൂർ :** റ്റി.കെ. 1/408 ജെ, പടന്നപാലം റോഡ്, കണ്ണൂർ - 1 | 0497-2706196, 2706197<br>bcdcdmknr@gmail.com |
| **കാസർഗോഡ്:** ഹൈലൈൻ പ്ളാസാ ബിൽഡിംഗ്, 11/346, അ 17 അനബാഗിലു, എം.ജി.റോഡ്, കാസർഗോഡ്. | 04994-227060, 227062<br>bcdcdmkgd@gmail.com |

## ഉപജില്ലാ ഓഫീസുകൾ

| മേൽവിലാസം | ടെലിഫോൺ<br>ഇ-മെയിൽ |
|---|---|
| **വർക്കല:** ലാൽസ് ആർക്കേഡ്, പാലച്ചിറ ജംഗ്ഷൻ, വർക്കല പി.ഒ. തിരുവനന്തപുരം - 695143 | 0470-2605522<br>bcdcsdmvak@gmail.com |
| **ഹരിപ്പാട്:** എസ്.എൻ.ഡി.പി. യൂണിയൻ ബിൽഡിംഗ്, കച്ചേരി ജംഗ്ഷൻ, ഹരിപ്പാട്, ആലപ്പുഴ | 0479-2412110<br>bcdcsdmhad@gmail.com |
| **ചേലക്കര:** മൗന്തിര ഷോപ്പിംഗ് മാൾ പ്രൈവറ്റ് ലിമി റ്റഡ്, ചേലക്കര, തൃശ്ശൂർ | 0479-2412110<br>bcdcsdmchk@gmail.com |
| **പട്ടാമ്പി:** അലക്സ് ആർക്കേഡ്, മേലെ പട്ടാമ്പി, പട്ടാ മ്പി, പാലക്കാട് | 0466-2210244<br>bcdcsdmpth@gmail.com |
| **തിരൂർ:** ബിൽഡർ ടവർ, ഏഴൂർ റോഡ്, സവേര ആശു പത്രിക്ക് സമീപം, തിരൂർ, മലപ്പുറം - 1 | 0494-2432275<br>bcdcsdmtir@gmail.com |
| **വണ്ടൂർ:** കുന്നുമ്മേൽ ബിൽഡിംഗ്സ്, മഞ്ചേരി റോഡ്, വണ്ടൂർ, മലപ്പുറം - 679328 | 04931-248300<br>bcdcsdmwdr@gmail.com |




KSBCDC

**കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ**

ഹെഡ് ഓഫീസ് : റ്റി.സി. 27/588(7) & (8), പാറ്റൂർ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം 695035
ഫോൺ : 04712577550, 2577539
ഇമെയിൽ : ksbcdc@gmail.com Web : www.ksbcdc.com